"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമവകുപ്പ് - ജീവനക്കാര്യം - ശ്രീമതി.അജിതകുമാരി ഐ, പബ്ലിക് ഹെൽത്ത് നേഴ്സിംഗ് സൂപ്പർവൈസർ ഫയൽ ചെയ്ത O.A 45/2025 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 10/01/2025 തീയതിയിലെ അന്തിമ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1601/2025/H&FWD തീയതി,തിരുവനന്തപുരം, 09-06-2025

---

പരാമർശം:-
1. ശ്രീമതി.അജിതകുമാരി ഐ സമർപ്പിച്ച 18/12/2024 തീയതിയിലെ നിവേദനം (Annexure A7 )
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A 45/2025 നമ്പർ കേസിലെ 10/01/2025 തീയതിയിലെ അന്തിമ ഉത്തരവ്.
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 28-04-2025 തീയതിയിലെ DHS/11034/2025-FWA5 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ ജോലി നോക്കി വന്നിരുന്ന ശ്രീമതി.അജിതകുമാരി ഐ-ക്ക് പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയപ്പോൾ മാതൃജില്ലയായ ആലപ്പുഴ ജില്ലയിൽ നിയമിക്കാതിരുന്നതിനെതിരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ O.A 45/2025 നമ്പറായി കേസ് ഫയൽ ചെയ്യുകയും പരാമർശം (1) പ്രകാരം സർക്കാരിൽ നിവേദനം നൽകുകയും ചെയ്തിരുന്നു.

**2.** O.A 45/2025 നമ്പർ കേസിന്റെ പരാമർശം (2) പ്രകാരമുള്ള അന്തിമ ഉത്തരവിൽ ഒന്നാം എതിർകക്ഷിയായ സർക്കാർ, ശ്രീമതി.അജിതകുമാരി ഐ -യുടെ Annexure-A7 നിവേദനം പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

**3.** പരാമർശം (2) പ്രകാരമുള്ള കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി.അജിതകുമാരി ഐ. സമർപ്പിച്ച അനുബന്ധം 7 നിവേദനത്തിന്മേൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം സ്ഥാനക്കയറ്റം നൽകുന്നതിന് വേണ്ടി ആലപ്പുഴ ജില്ലയിൽ നിന്നും ടി ജീവനക്കാരിയുടെ സേവന വിവരങ്ങൾ ലഭ്യമാക്കിയപ്പോൾ പ്രസ്തുത വിവരങ്ങളോടൊപ്പം മറ്റു രേഖകളോ മെഡിക്കൽ സർട്ടിഫിക്കറ്റുകളോ ഹാജരാക്കിയിരുന്നില്ല. പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർമാരുടെ സ്ഥലംമാറ്റ ഉത്തരവിൽ ആലപ്പുഴ ജില്ലയിൽ മൂന്ന് ഒഴിവുകളാണ് നിലവിൽ ഉണ്ടായിരുന്നത്. ശ്രീമതി.മോളി.എ.എ (സീരിയൽ നമ്പർ 7)-ക്ക് റാങ്ക് നമ്പറിന്റെ അടിസ്ഥാനത്തിലും, ശ്രീമതി.സിന്ധു.കെ.കെ (സീരിയൽ നമ്പർ 29)-ക്ക് ടിയാൾ സമർപ്പിച്ച മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലും ശ്രീമതി.പുഷ്പ.വി (സീരിയൽ നമ്പർ 43) -ക്ക് വിരമിക്കൽ തീയതി അടിസ്ഥാനമാക്കിയുമാണ് അപ്രകാരം നിയമനം നൽകിയത് എന്നും ആലപ്പുഴ ജില്ലയിൽ

മറ്റ് ഒഴിവുകൾ ഇല്ലാതിരുന്നതിനാലും, മറ്റ് രേഖകളൊന്നും ഹാജരാക്കാതിരുന്നതിനാലുമാണ് അപേക്ഷകയ്ക്ക് ആലപ്പുഴ ജില്ലയിൽ നിയമനം നൽകാൻ സാധിക്കാതിരുന്നതെന്നും ആരോഗ്യവകുപ്പ് ഡയറക്ടർ വ്യക്തമാക്കിയിട്ടുണ്ട്. എന്നിരുന്നാലും പാലക്കാട് ജില്ലയിലെ അഗളി സാമൂഹികാരോഗ്യകേന്ദ്രത്തിൽ പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന ശ്രീമതി.അജിതകുമാരി ഐ, -ക്ക് നിലവിൽ ലഭ്യമായ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചും, സ്ഥലമാറ്റം അനുശാസിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായും ടിയാൾക്ക് മാതൃ ജില്ലയായ ആലപ്പുഴയിലേക്ക് സ്ഥലമാറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ ശ്രീമതി.അജിതകുമാരി ഐ. സമർപ്പിച്ച അനുബന്ധം 7 അപ്പിൽ നിരസിക്കാവുന്നതും അതോടൊപ്പം, ശ്രീമതി. അജിതകുമാരി ഐ. -ക്ക് നിലവിൽ ലഭ്യമായ അപേക്ഷയും അനുബന്ധ രേഖകളും പരിശോധിച്ചും, സ്ഥലമാറ്റം അനുശാസിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായും ടിയാൾക്ക് മാതൃ ജില്ലയായ ആലപ്പുഴയിലേക്ക് നിയമനം നൽകുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A 45/2025 നമ്പർ കേസിലെ 10/01/2025 തീയതിയിലെ തീയതിയിലെ അന്തിമ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീകല ആർ
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം )
ശ്രീമതി.അജിതകുമാരി ഐ., പബ്ലിക് ഹെൽത്ത് നഴ്സിംഗ് സൂപ്പർവൈസർ, ദേവീകൃപ, കാരിച്ചാൽ, പായിപ്പാട് പി.ഓ ഹരിപ്പാട്, ആലപ്പുഴ - 690514
ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) (എ&ഇ) കേരള,തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 12-06-2025 12:48:50
സെക്ഷൻ ഓഫീസർ